(ഡി) ഇനിയും പട്ടയം നൽകുവാനുള്ള ലക്ഷം വീട് നിവാസികൾക്ക് 31.12.1999-നുള്ളിൽ പട്ടയം നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പട്ടയം റദ്ദ് ചെയ്ത നടപടി

62 (2859)ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ് താലൂക്കിൽ പനത്തടി വില്ലേജിലെ കല്ലപ്പള്ളി പ്രദേശത്ത് വർഷങ്ങളായി ഭൂമി കൈവശം വച്ചുവരുന്ന കർഷകരിൽനിന്നും എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) വർഷങ്ങളായി വിലകൊടുത്തു വാങ്ങിയ ഭൂമിയുടെ പട്ടയം റദ്ദ് ചെയ്യുവാനുണ്ടായ സാഹചര്യം വിശദീകരിക്കുമോ;

(ഡി) ഈ വിധം എത്ര പട്ടയം റദ്ദ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഭൂമി നഷ്ടപ്പെട്ട കർഷകർക്കുതന്നെ പ്രസ്തുത ഭൂമി തിരിച്ചു നൽകുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനം കാസർഗോഡ് ജില്ലാകളക്ടർക്ക് മേൽനടപടിയ്ക്കായി അയച്ചു കൊടുത്തിട്ടുണ്ട്.

(സി) കേരള-കർണാടക അന്തർ സംസ്ഥാന അതിർത്തിയുടെ സർവ്വേ വർക്ക് പൂർത്തിയാകാത്തതിനാലും വനംവകുപ്പ് വക നിബിഡ വനം മുറിച്ച് മാറ്റാത്തതിനാലും സ്ഥലം പതിച്ചു നൽകപ്പെട്ടവർക്ക് കൈമാറാൻ സാധിക്കാത്തതിനാൽ 30.7.1987-ലെ ജി.ഒ.എം.എസ്. നം. 518/87/ആർഡി ഉത്തരവ് പ്രകാരമുള്ള പതിച്ചു കൊടുക്കൽ നടപടി റദ്ദ് ചെയ്യുകയുണ്ടായി.

(ഡി) 67

(ഇ) പരിശോധിച്ചു വരികയാണ്.

മറവൻകോട് മിച്ചഭൂമി കോളനി നിവാസികൾക്ക് പട്ടയം

63 (2860)ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വെളിയം വില്ലേജിലെ മറവൻകോട് മിച്ച ഭൂമി കോളനിയിൽ നിന്നും കൈമാറ്റത്തിലൂടെ പട്ടയകക്ഷികൾ ഒഴിഞ്ഞു പോയിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വളരെ വർഷങ്ങളായി ഭൂമി കൈവശം വച്ചിരിക്കുന്നവരും റേഷൻ കാർഡിലും വോട്ടേഴ്സ് ലിസ്റ്റിലും പേരുള്ളവരുമാണ് ഇപ്പോഴത്തെ കൈവശക്കാർക്ക് ഭൂമി പതിച്ച് നൽകുന്നതിനുള്ള പ്രാഥമിക നടപടികളുടെ

†

LIBRARY ARCHIVES Kerala Legislative Assembly